# ഖുർആനിലെ ശാസ്ത്രസൂചനകൾ

jthrees@hotmail.com

## ഭൂമിയിലെ വിഭവങ്ങൾ
## 5. കാറ്റ്

*"തൻെറ അനുഗ്രഹത്തിൻെറ മുന്നോടിയായി, സുവാർത്തയേകുന്ന കാറ്റുകളെ അയയ്ക്കുന്നതും ആ അല്ലാഹു തന്നെയാകുന്നു."* (അൽ അഅ്റാഫ് 57)
ഇതേ ആശയം ഉൾക്കൊള്ളുന്ന വചനം 25-ാം അധ്യായത്തിലും കാണാം. (48-ാം വചനം)

*"മേഘവാഹികളായ കാറ്റുകളെ അയയ്ക്കുന്നതും നാം തന്നെയാകുന്നു. അങ്ങനെ ആകാശത്തുനിന്ന് ജലം വർഷിക്കുകയും അത് നിങ്ങളെ കുടിപ്പിക്കുകയും ചെയ്യുന്നു. ഈ സമ്പത്തിൻെറ സൂക്ഷിപ്പുകാർ നിങ്ങളല്ലല്ലോ."* (അൽ ഹിജ്ർ 22)

*"(മഴക്ക് മുന്നോടിയായി) സന്തോഷസൂചകമായും തൻെറ കാരുണ്യത്തിൽനിന്നും നിങ്ങളെ അനുഭവിപ്പിക്കാൻ വേണ്ടിയും തൻെറ കല്പന പ്രകാരം കപ്പൽ സഞ്ചരിക്കുന്നതിനും തൻെറ അനുഗ്രഹത്താൽ നിങ്ങൾ ഉപജീവനം തേടേണ്ടതിനും അതുവഴി നിങ്ങൾ നന്ദി കാണിക്കാൻ വേണ്ടിയും അവൻ(അല്ലാഹു) കാറ്റുകളെ അയയ്ക്കുന്നത് അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്."* (അർറൂം 46)

*"അല്ലാഹുവാകുന്നു കാറ്റുകളെ അയക്കുന്നവൻ. എന്നിട്ട് അവ മേഘത്തെ ഇളക്കിവിടുന്നു. എന്നിട്ട് അവൻ ഉദ്ദേശിക്കുന്ന പ്രകാരം അതിനെ ആകാശത്ത് പരത്തുന്നു. അതിനെ (മേഘത്തെ) അവൻ പല കഷണങ്ങളാക്കുകയും ചെയ്യുന്നു."* (അർറൂം 48)

പ്രപഞ്ചഘടനയിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണ് കാറ്റ്. ഭൂമിയിൽ ജീവികളുടെ അധിവാസം കാറ്റില്ലാതെ മുന്നോട്ട് നീങ്ങില്ല. എന്നാൽ നമ്മുടെ ജീവിതത്തിൽ കാറ്റ് ചെലുത്തുന്ന സ്വാധീനമെന്തെന്ന് നാം അധികം ഓർക്കാറില്ല. ഖുർആനാകട്ടെ ദൈവികദൃഷ്ടാന്തമായും ജീവിതവിഭവമായുമാണ് അതിനെ പരാമർശിച്ചിട്ടുള്ളത്.

കാറ്റ് മഴയിൽ ചെലുത്തുന്ന സ്വാധീനം എന്തെന്ന് നാം ജലത്തെ സംബന്ധിച്ച പഠനത്തിൽ മനസ്സിലാക്കി. ഭൂമിയിൽനിന്ന് ഉയരുന്ന കാറ്റാണ് മേഘസെല്ലുകളെ ഉണ്ടാക്കുന്നതും ചിന്നിച്ചിതറി നില്ക്കുന്ന മേഘശകലങ്ങളെ ഒരുമിച്ചുകൂട്ടുന്നതും. അതെ കാറ്റിൽ അടങ്ങിയിട്ടുള്ള വൈദ്യുതിചാർജാണ് മേഘങ്ങളെ ജലതുള്ളികളാക്കി മാറ്റുന്നത്.കാറ്റ് തന്നെയാണ് അവയെ മുന്നോട്ട് നീക്കുന്നതും ശീതീകരിക്കുന്നതും. മഴയെ തുള്ളികളായി വർഷിക്കാൻ സഹായിക്കുന്നതും അതിനെ മൊത്തത്തിൽ വ്യാപിപ്പിക്കുന്നതും കാറ്റാണ്. ഇതാണ് രണ്ടാമത് പരാമർശിച്ച സൂക്തം വ്യക്തമാക്കുന്നത്.

അന്തരീക്ഷമർദ്ദത്തിലുള്ള സാന്ദ്രതയുടെയും താപത്തിൻെറയും വ്യത്യാസം മൂലമാണ് കാറ്റ് ഉണ്ടാകുന്നത്. ഈ വ്യത്യാസം സൂര്യതാപത്തെ പ്രസരണത്തിലും കടലിലും കരയിലുമുള്ള ഊഷ്മാവിലും വലിയ തോതിൽ സ്വാധീനം ചെലുത്തുന്നുണ്ട്.

കാറ്റിനെ പ്രധാനമായും നാലായി തിരിക്കാം. ശക്തിയുറ്റത്, സീസൺ അനുസരിച്ചുള്ളത്, പ്രാദേശികമായത്, ചുഴലിക്കാറ്റ് എന്നിവയാണവ.

പരിസ്ഥിതി പ്രശ്നങ്ങളിൽ മനുഷ്യരെ സഹായിക്കുന്നത് കാറ്റാണ്. വായുവിനെ അരിക്കുകയും അതിനെ ശുദ്ധീകരിക്കുകയും ചെയ്യുന്നത് കാറ്റാണ്.

സസ്യങ്ങളുടെ വളർച്ചയിലും വ്യാപനത്തിലും കാറ്റിനുള്ള സ്വാധീനം വലുതാണ്. ഉപരിലോകത്തുനിന്ന് ചെടികൾക്കുണ്ടാകുന്ന ആപത്തുകളിൽനിന്ന് അവയെ സംരക്ഷിക്കുന്നത് കാറ്റിൻെറ പ്രത്യേക സംവിധാനം മൂലമാണ്. അവയ്ക്ക് ആവശ്യമായ അനുപാതത്തിൽ വെളിച്ചവും ചൂടും ശൈത്യവും ക്രമീകരിച്ചു നല്കുന്നതിലും കാറ്റാണ് പ്രധാന ഘടകം. ഓരോ ഇനം ചെടിയുടെയും ബീജങ്ങൾ സൂക്ഷിക്കുന്നതിലും അവയിൽ പ്രജനനം നടക്കും വിധം പരാഗണം നടത്തുന്നതിലും അതിന് സ്വാധീനമുണ്ട്.
ഋതുഭേദങ്ങളിലും കാറ്റിന് വലിയ സ്വാധീനമുണ്ട്.